## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3766 15.03.2017 ലെ മറുപടിക്ക്**

**ചോദ്യം:**
**ശ്രീ.എ.എൻ.ഷംസീർ**

**ഉത്തരം:**
**ശ്രീ.തോമസ് ഐസക്**
**ബഹു. ധനകാര്യവും കയറും വകുപ്പുമന്ത്രി**

## 'ഡിജിറ്റൽ ഫയൽ'

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | ധനകാര്യ വകുപ്പിൽ സീറോ ഫിസിക്കൽ ഫയൽ സംവിധാനം നടപ്പിലാക്കുമോ; | സർവ്വീസ് ബുക്കുകൾ/പെൻഷൻ ബുക്കുകൾ മെഡിക്കൽ റീഇംബേഴ്സ്മെന്റ് ബില്ലുകൾ ഉൾപ്പെടുന്ന ഫയലുകൾ, സമയബന്ധിതമായി തീർപ്പുകല്പിക്കേണ്ട അധികം പേജുകളുള്ള കോടതി വ്യവഹാര ഫയലുകൾ, നിയമസഭാ ചോദ്യങ്ങൾ, വലിയ റിപ്പോർട്ടുകൾ എന്നിങ്ങനെ ഇ-ഓഫീസ് മോഡിലേക്ക് മാറ്റാനാവാത്ത ഫയലുകൾ ഒഴികെ മറ്റുള്ള ഫയലുകളെല്ലാം ഇ-ഓഫീസ് മുഖാന്തിരമാണ് ധനകാര്യവകുപ്പിൽ കൈകാര്യം ചെയ്തുവരുന്നത്. |
| (ബി) | നിലവിൽ ധനകാര്യവകുപ്പിലെ എത്ര ശതമാനം ഫയലുകളാണ് ഡിജിറ്റൽ ഫയലുകളായി കൈകാര്യം ചെയ്യുന്നത്; | ധനകാര്യ വകുപ്പിൽ മൊത്തം ഫയലുകളുടെ എണ്ണത്തിൽ 90 ശതമാനത്തിലധികം ഫയലുകളും ഡിജിറ്റൽ ഫയലുകളായാണ് കൈകാര്യം ചെയ്യുന്നത്. |
| (സി) | പൂർണ്ണമായും ഡിജിറ്റൽ സംവിധാനത്തിലേക്ക് ധനകാര്യ വകുപ്പ് മാറുന്നതിന് എന്തെങ്കിലും സമയക്രമം സർക്കാർ നിശ്ചയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | 2017 മാർച്ച് 1 നു ശേഷം ധനകാര്യ വകുപ്പിൽ ഫയലുകൾ ഇ-ഓഫീസിലൂടെ മാത്രമേ കൈകാര്യം ചെയ്യാൻ പാടുള്ളൂ എന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. ഫിസിക്കലായി പ്രോസസ് ചെയ്യാൻ അനുവദനീയമായിട്ടുള്ള ഫയലുകൾ ഇ-ഓഫീസിലെ 'ഫിസിക്കൽ ഫയൽ' മോഡ്യൂൾ വഴി ഫയൽ നമ്പർ എടുത്തശേഷം ആ നമ്പർ ഫിസിക്കൽ ഫയലിൽ രേഖപ്പെടുത്തി ഒരോ പ്രാവശ്യമുള്ള ഫയൽ ചരണപഥം ഇ ഓഫീസിൽ രേഖപ്പെടുത്തി മാത്രമേ ഫയൽ ചംക്രമണം ചെയ്യാൻ പാടുള്ളൂ എന്ന നിർദ്ദേശവും നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**